## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *80 — 12.12.2012-ലെ മറുപടിക്ക്

### ഹോട്ടലുകളിലെ പരിശോധന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. എം. ചന്ദ്രൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. ബി. സത്യൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഹോട്ടലുക ളിൽ നൽകുന്ന ഭക്ഷണം ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട്; | എ) | .ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്തെ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സ്പെഷ്യൽ സ്ക്വാഡുകൾ ആവർത്തിച്ചുള്ള പരിശോധനകൾ നടത്തുകയും നിയമ പ്രകാരമുള്ള പിഴ ഈടാക്കുകയും (കോമ്പൗണ്ടിംഗ്) ചെയ്തുവരുന്നു. ശുചിത്വപരിപാലനത്തിൽ ഏറെ മോശമായി കാണപ്പെട്ട ഹോട്ടലുകൾ നിശ്ചിത സമയത്തിനുള്ളിൽ വൃത്തിയാക്കുന്നതിന് നോട്ടീസ് നൽകുകയും ആയത് ചെയ്തതായി ബോധ്യപ്പെട്ടാൽ മാത്രം തുടർന്ന് നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തുവരുന്നു. ഈ വിഷയത്തിൽ ഫുഡ് സേഫ്റ്റി കമ്മീഷണർ എല്ലാ ഹോട്ടലുകാരും പാലിക്കുന്നതിനു വേണ്ടി 30 ഇന ശുചിത്വ മാനദണ്ഡവും പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം 1) |
| ബി) സർക്കാർ ഇക്കാര്യത്തിൽ സ്വീക രിച്ച നടപടികൾ എത്രത്തോളം ഫലപ്രദമാണ്; കേരള ഹൈക്കോടതിയ്ക്ക് ഇക്കാര്യ ത്തിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിലെ വിശദാം | ബി) | ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം സ്വീകരിച്ചു വരുന്ന നടപടികൾ തികച്ചും ഫലപ്രദമാണ്. ഈ നടപടികളിൽ അസന്തുഷ്ടരായ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ താഴെ |

ശങ്ങൾ, നൽകിയ ഉറപ്പുകൾ സഹിതം വെളിപ്പെടുത്തുമോ; സത്യവാങ്മൂലത്തിലൂടെ ഹൈക്കോടതിയ്ക്ക് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടോ;

പറയുന്ന റിട്ട് പെറ്റീഷനുകൾ കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

ഇംപ്രൂവ്മെന്റ് നോട്ടീസിനും കോമ്പൗണ്ടിംഗിനുമെതിരെ നൽകിയിട്ടുള്ള കേസുകൾ

WPC 17756/2012
WPC 18743/2012
WPC 18390/2012
WPC 18614/2012
WPC 18861/2012
WPC 18853/2012
WPC 18714/2012
WPC 18371/2012
WPC 18819/2012
WPC 18613/2012
WPC 19048/2012
WPC 19224/2012
WPC 19228/2012
WPC 19960/2012
WPC 19994/2012
WPC 20074/2012
WPC 20065/2012
WPC 20017/2012
WPC 20063/2012
WPC 19966/2012
WPC 20161/2012
WPC 20002/2012

ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയമനത്തിനെതിരെ നൽകിയിട്ടുള്ള കേസ്

WPC 20430/2012

ഇതിന്മേൽ നൽകിയ സത്യവാങ്മൂലങ്ങൾ ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം 2) സത്യവാങ്മൂലത്തിലൂടെ ഹൈക്കോടതിയ്ക്ക് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ട്.

| | |
|---|---|
| സി) മായം ചേർന്ന ഭക്ഷ്യ വസ്തുക്കൾ വില്ക്കാൻ ശ്രമിച്ചതിനും ശുചിത്വമില്ലാതെ ഭക്ഷണശാലകൾ പ്രവർത്തിച്ചതിനുമെതിരെ എടുത്ത കേസ്സുകൾ എത്ര; എത്ര പേർ ശിക്ഷിക്കപ്പെട്ടു? | സി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം പൂർണ്ണമായി നടപ്പാക്കി തുടങ്ങാത്തതിനാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു തുടങ്ങിയില്ല. ഒന്നാം ഘട്ടത്തിൽ നടത്തിയ പരിശോധനയിൽ ശുചിത്വമില്ലാതെ പ്രവർത്തിച്ചതിനോ മറ്റുനിയമ ലംഘനങ്ങൾക്കോ 696 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും 18,48,000/- കോമ്പൗണ്ട് ചെയ്യുകയും ഗുരുതരമായ നിയമ ലംഘനം ശ്രദ്ധിക്കപ്പെട്ട 73 സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തനം നിഷേധിച്ച ഹോട്ടലുകളിൽ ഡെപ്യൂട്ടി കളക്ടർ, ഡി.എം.ഒ എന്നിവരുടെ പ്രതിനിധി, ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി കമ്മിറ്റി പരിശോധന നടത്തിയശേഷം മാത്രമേ തുറന്നു പ്രവർത്തിക്കുവാൻ അനുവാദം നൽകിയിട്ടുള്ളൂ. രണ്ടാം ഘട്ടത്തിൽ നടത്തിയ പരിശോധനയിൽ 2198 സ്ഥാപനങ്ങൾ പരിശോധിക്കുകയും ആയതിൽ 1289 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**